# സിറ്റിസൺ അദാലത്ത്

## പ്രൊസീഡിംഗ്സ് നമ്പർ - BPIDK30601000039 / IVO -3, LSGD ,Idukki dtd 04.03.2025

അറക്കുളം ഗ്രാമപഞ്ചായത്തിൽ സോളി പി.എസ് , തെക്കേ നിരപ്പേൽ, മൂലമറ്റം പി.ഒ എന്നയാൾ 2024-25 വാർഷിക പദ്ധതിയിൽ ഭവന പുനരുദ്ധാരണം എസ്.സി എന്ന പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള ഗുണഭോക്താവാണ്. ടിയാൾക്ക് 2014-15 വർഷത്തിൽ IAY പദ്ധതിയിൽ ലഭിച്ചിട്ടുള്ള വീടിന് പഞ്ചായത്തിൽ നിന്ന് 13/88 എന്ന U/A നമ്പർ അനുവദിച്ചിട്ടുള്ളതുമാണ്. ഇപ്പോൾ വാർഷിക പദ്ധതിയിൽ വീട് മെയിന്റനൻസിന് ആനുകൂല്യം ലഭിക്കണമെങ്കിൽ ഗ്രാമപഞ്ചായത്തിൽ നിന്ന് ഈ വീടിന്റെ കാലപ്പഴക്കം സംബന്ധിച്ച സർട്ടിഫിക്കറ്റ് ആവശ്യമുണ്ട്. ടി വീടിന് അനുവദിച്ചിട്ടുള്ളത് U/A നമ്പർ ആയതിനാൽ ടി സർട്ടിഫിക്കറ്റ് പഞ്ചായത്തിൽ നിന്ന് ലഭ്യമാക്കണമെന്ന് കാണിച്ചിട്ടുള്ളതാണ് പരാതി സംഗതി.

അദാലത്ത് സമിതി ടി വിഷയം പരിശോധിച്ചു. ശ്രീമതി. സോളി പ്രായമുള്ള അമ്മയോടൊപ്പമാണ് താമസിക്കുന്നത്. കൂലിവേല ചെയ്താണ് ടി കുടുംബം കഴിയുന്നത്. ശ്രീമതി. സോളി ഇപ്പോൾ താമസിക്കുന്ന വീടിന് 15.03.2016 ൽ 13/88 എന്ന U/A നമ്പർ അനുവദിച്ച് അറക്കുളം ഗ്രാമപഞ്ചായത്ത് സെക്രട്ടറി സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട്. ഇതു പ്രകാരം ടി കെട്ടിടത്തിന് 8 വർഷത്തിലധികം കാലപ്പഴക്കം കണക്കാക്കുന്നു. ശ്രീമതി. സോളിയ്ക്ക് 25.11.2014 ൽ തൊടുപുഴ തഹസിൽദാർ 735 -ാം നമ്പർ ആയി അറക്കുളം വില്ലേജിൽ Bl.24 Sy.631 സർവ്വേ നമ്പരായി 3 സെന്റ് സ്ഥലത്തിന് കൈവശാവകാശ രേഖ നൽകിയിട്ടുണ്ട്.ഈ കൈവശാവകാശ രേഖയുടെ അടിസ്ഥാനത്തിലാണ് ടി വീട് നൽകിയിട്ടുള്ളത്. ഈ സാഹചര്യത്തിലും ഇതുപോലെ കൈവശ രേഖ കിട്ടിയ മറ്റ് ഗുണഭോക്താക്കൾക്ക് Authorised നമ്പർ നൽകിയ സാഹചര്യവും പരിഗണിച്ച് ശ്രീമതി സോളി യ്ക്കും നൽകിയിരിക്കുന്ന U/A നമ്പർ Authorised ആയി പരിവർത്തനം ചെയ്ത് നൽകുന്നതിന് സെക്രട്ടറിക്ക് നിർദ്ദേശം നൽകുന്നു.

പി.എം. അബ്ദുൾ സമദ്,
ഇന്റേണൽ വിജിലൻസ് ഓഫീസർ-2& 3,
തദ്ദേശ സ്വയംഭരണ വകുപ്പ്, ഇടുക്കി.

ABDULSAMAD P.M.